# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2395
# 06.12.2018 ലെ മറുപടിക്ക്

## കലാ-സാംസ്കാരിക സംഘടനകൾക്ക് ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരള സംഗീത നാടക അക്കാദമി, കേരള ലളിതകല അക്കാദമി എന്നിവയുടെ അഫിലിയേഷനോട് കൂടിയും നിയമാനുസൃതം രജിസ്റ്റർ ചെയ്തും പ്രവർത്തിച്ച് വരുന്നതുമായ കലാ-സാംസ്കാരിക സംഘടനകൾക്ക് നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും കെട്ടിട നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ സാധിക്കുമോ; | നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി സർക്കാരിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ സൃഷ്ടിയ്ക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരള സംഗീത നാടക അക്കാദമി, കേരള ലളിതകല അക്കാദമി എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന പല കലാ - സാംസ്കാരിക സംഘടനകളുടേയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിരിക്കുന്ന സൊസൈറ്റികൾക്കോ ട്രസ്റ്റുകൾക്കോ ആണ്. ഇത്തരം സംഘടനകൾക്ക് കെട്ടിട നിർമ്മാണത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. ആയതിലേയ്ക്കായി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ